(ബി) ഓരോ വർഷവും ഓരോയിനത്തിലും പിരിഞ്ഞു കിട്ടിയ തുകയുടെ കണക്ക് താഴെ കൊടുക്കുന്നു.

(തുക കോടിയിൽ)

	1996-97	1997-98	1998-99	1999-2000	2000-2001
വില്പന നികുതി	2,772.38	3,084.08	3,366.62	3,853.54	അവസാന
കാർഷികാദായ നികുതി	12.10	21.37	27.02	14.18	കണക്കുകൾ
രജിസ്ട്രേഷൻ	315.57	279.10	295.51	335.00	അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടില്ല

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ.യുടെ ലാഭം

137 (442) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. ലിമിറ്റഡ് 1999-2000 വർഷത്തിൽ എത്ര രൂപ ലാഭമുണ്ടായി എന്നു വ്യക്തമാക്കാമോ ;

(ബി) ഈ പൊതുമേഖലാ സ്ഥാപനം ഗവൺമെന്റിലേക്ക് എത്ര രൂപ ലാഭവിഹിതം നൽകി എന്നുള്ളത് വെളിപ്പെടുത്താമോ ;

(സി) കെ.എസ്.ഇ.ബി., എസ്.ബി.റ്റി.യിൽ നിന്നും 100 കോടി രൂപ ലോൺ എടുത്ത് ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ഡി) കെ.എസ്.എഫ്.ഇ. യിൽ നിന്നും ഗവൺമെന്റ് ലോണോ ട്രഷറി നിക്ഷേപമോ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ എന്നും എന്തിനുവേണ്ടി എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. 1,322 ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്നു. ആഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലേക്ക് മൊത്തം 120 ലക്ഷം രൂപ (60 ലക്ഷം വീതം) ലാഭ വിഹിതമായി നീക്കി വച്ചിട്ടുണ്ട്. വാർഷിക പൊതുയോഗ കണക്കുകൾ പാസ്സാക്കിയ ശേഷമേ തുക സർക്കാരിന് ലഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി&ഇ) ലോൺ സ്വീകരിച്ചിട്ടില്ല. കെ.എസ്.എഫ്.ഇ. സ്ഥിര നിക്ഷേപമായി സമാഹരിക്കുന്ന തുക, വായ്പാപദ്ധതികൾക്കായി വിനിയോഗം ചെയ്യാനാകാതെ വരുമ്പോൾ ഉണ്ടാകുന്ന അധിക ഫണ്ട് ട്രഷറിയിൽ വിവിധ കാലയളവിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. 31-3-2000-ൽ അപ്രകാരം 7,717 ലക്ഷം രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

സർക്കാർ കെ.എസ്.എഫ്.ഇ.യിൽ നിന്നുമെടുത്ത വായ്പ

138 (443) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.യിൽ നിന്നും എത്ര കോടി രൂപ വായ്പയെടുത്തു;

(ബി) എന്നാണ് പ്രസ്തുത വായ്പ എടുത്തിട്ടുള്ളത്;

(സി) പ്രസ്തുത വായ്പയുടെ ടേംസ് ആന്റ് കണ്ടീഷൻസ് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.യിൽ നിന്നും വായ്പയൊന്നും എടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

എഴുകോൺ കെ.എസ്.എഫ്.ഇ.ബ്രാഞ്ചിൽ സ്വർണ്ണപ്പണയ വായ്പ

139 (444) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊല്ലം ജില്ലയിലെ എഴുകോൺ കെ.എസ്.എഫ്.ഇ. ബ്രാഞ്ചിൽ സ്വർണ്ണ വായ്പ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എഴുകോൺ ബ്രാഞ്ചിൽ സ്വർണ്ണപ്പണയ വായ്പാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) എഴുകോണിൽ ബിസിനസ് സാദ്ധ്യതകളെക്കുറിച്ച് വിലയിരുത്തിയശേഷം അനുയോജ്യമെന്ന് കണ്ടാൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly